തിരിച്ചുള്ള കമ്മീഷന്റെ തുക നൽകുവാൻ നിർവാഹമില്ല. ഇപ്പോൾ പരസ്യ ഏജൻസികൾ കേരഫെഡിന് കമ്മീഷൻ നൽകുന്നില്ല.

(ഇ) ഉണ്ട്.

(എഫ്) ദൂരദർശനിലും ആകാശവാണിയിലും കേരഫെഡ് നേരിട്ട് പരസ്യം ചെയ്യുമ്പോൾ പരസ്യ ചെലവിൽ ഏജൻസിയെ ഏൽപ്പിക്കുന്നതിനെക്കാൾ കുറവൊന്നുമില്ല.

(ജി) കേരഫെഡ് കോഴിക്കോട് പ്ലാന്റ് ഉദ്ഘാടനത്തോടനുബന്ധിച്ച് ആകെ 9,47,721.50 രൂപയുടെ പരസ്യം നൽകിയിട്ടുണ്ട്.

(എച്ച്) കേരഫെഡ് ഇപ്പോൾ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

103 (395) കാർഷിക സർവ്വകലാശാലയിലെ അദ്ധ്യാപകർക്ക് യു.ജി.സി. പദ്ധതി

ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാർഷികസർവ്വകലാശാലയിലെ അദ്ധ്യാപകർക്ക് യു.ജി.സി. നടപ്പിലാക്കിയതിനുശേഷമുള്ള പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) അദ്ധ്യാപകർക്ക് അർഹമായ പ്രൊമോഷനും സാമ്പത്തിക ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) സർവ്വകലാശാലയ്ക്ക് യു.ജി.സി./ഐ.സി.എ. ആർ. നടപ്പിലാക്കുന്നതിന് കിട്ടിയ ധനസഹായം എത്ര? ഇതിൽ എത്ര സംഖ്യ ചെലവഴിച്ചു? ബാക്കി സംഖ്യ ചെലവഴിക്കുന്നതിന് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്?

ഉത്തരം

(എ),(ബി)&(സി) വിവരം ശേഖരിച്ചു വരുന്നു.

104 (396) സ്മാരക സംരക്ഷണം

ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ നിയോജക മണ്ഡലത്തിൽപ്പെട്ട പീലിക്കോട് കാർഷികസർവ്വകലാശാല കാമ്പസ്സിൽ ഉൾപ്പെട്ടിട്ടുള്ള, അന്തരിച്ച പ്രമുഖ സ്വാതന്ത്ര്യ സമരസേനാനിയും കവിയുമായിരുന്ന ശ്രീ. ടി. എസ്. തിരുമുമ്പിന്റെ ഭവനം ഒരു സ്മാരകമായി സംരക്ഷിക്കാനുള്ള നടപടിക്രമങ്ങൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) ഇതിനായി 1999-2000 വർഷം കാർഷികസർവ്വകലാശാല ബഡ്ജറ്റിൽ തുക നീക്കിവച്ചിട്ടുണ്ടോ;

(സി) സ്മാരകം എന്നു തുറന്നു കൊടുക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)&(ബി) ശ്രീ. ടി. എസ്. തിരുമുമ്പിന്റെ ഭവനം കേരളത്തിന്റെ പൈതൃകമായ കാർഷിക സംസ്കാരം വളർത്തിയെടുക്കുന്നതിനുള്ള ഗവേഷണം നടത്തുന്ന ഒരു 'കാർഷിക സംസ്കാരിക കേന്ദ്രമായി ' ഉയർത്തുവാനുള്ള നിർദ്ദേശം സർവ്വകലാശാലയുടെ ജനറൽ കൗൺസിൽ അംഗീകരിച്ചിട്ടുണ്ട്. ഈ ആശയം പ്രാവർത്തികമാക്കുന്നതിനുവേണ്ടി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നത് ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് അഞ്ചു ലക്ഷം രൂപ ഈ വർഷത്തെ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(സി) ഈ സാമ്പത്തികവർഷത്തിൽ തന്നെ ഈ കേന്ദ്രം സന്ദർശകർക്ക് തുറന്നുകൊടുക്കുന്നതുൾപ്പെടെയുള്ള പ്രവർത്തനം ആരംഭിക്കുന്നതാണ്.

(ചോദ്യോത്തരങ്ങൾ സമയം കഴിഞ്ഞു)

9.30 A.M.

മി. സ്പീക്കർ : ഒരു അടിയന്തിര പ്രമേയത്തിന് നോട്ടീസ് കിട്ടിയിട്ടുണ്ട്. അത് ആദ്യത്തെ സബ്മിഷനായി അനുവദിക്കാം.

II. സ്പീക്കറുടെ അറിയിപ്പ്

സൈനിക സഹായ നിധിയിലേയ്ക്കുള്ള നിയമസഭാംഗങ്ങളുടെ സംഭാവന

മി. സ്പീക്കർ : 21.6.1999-ന് സഭ ആരംഭിച്ച ദിവസം കാർഗിൽ പ്രശ്നവുമായി ബന്ധപ്പെട്ട് വീരമൃത്യു വരിച്ച ജവാൻമാർക്ക് ആദരാഞ്ജലി അർപ്പിക്കുകയും കാർഗിലിൽ ധീരമായി പോരാടുന്ന ഇൻഡ്യൻ ജവാൻമാരോട് ഈ സഭ ഐക്യദാർഢ്യം പ്രകടിപ്പിക്കുകയുമുണ്ടായി. അന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ഇവിടെ സൂചിപ്പിച്ച ഒരു കാര്യം നിയമസഭാ സാമാജികർ ഒരു ദിവസത്തെ വേതനം സൈനിക സഹായ നിധിയിലേയ്ക്ക് സംഭാവനയായി നൽകണമെന്നാണ്. നിയമസഭാ സാമാജികരുടെ ഒരു ദിവസത്തെ വേതനം എന്നു പറയുമ്പോൾ ഒരു തുച്ഛമായ സംഖ്യയാണ് വരുന്നത് എന്നതു പരിഗണിച്ച് നിയമസഭാ സാമാജികരുടെ ഒരു മാസത്തെ ഫിക്സഡ് അലവൻസായ 300 രൂപ വീതം സൈനീക സഹായനിധിയിലേയ്ക്ക് നൽകാമെന്നുള്ള ഒരു പൊതുധാരണയിൽ എത്തിയിട്ടുണ്ട്. അത് അംഗീകരിക്കാം. അടുത്ത ഐറ്റം ശ്രദ്ധക്ഷണിക്കൽ

III. ശ്രദ്ധക്ഷണിക്കൽ

(1) ചേർത്തല-ആലുവ നാലുവരിപ്പാത അങ്കമാലി വരെ നീട്ടേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. മുഹമ്മദാലി : സർ, നെടുമ്പാശ്ശേരി വിമാനത്താവളം തുറന്നതോടുകൂടി കൊച്ചി ഭാഗത്തേയ്ക്കും മറ്റ് പ്രദേശങ്ങളിലേയ്ക്കുമുള്ള ഗതാഗത പ്രശ്നം ഗുരുതരമായിരിക്കുന്നത് ബഹുമാനപ്പെട്ട ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ കാളിംഗ് അറ്റെൻഷൻ ഉന്നയിക്കുന്നത്. ഈ വിമാനത്താവളം തുറക്കുന്നത് മുന്നിൽ കണ്ടുകൊണ്ട് കഴിയുന്ന നിലയിൽ കേന്ദ്രഗവണ്മെന്റിൽ സമ്മർദ്ദം ചെലുത്തി ദേശീയ പാതകളുടെ വികസനത്തിന് അനുമതി വാങ്ങുന്നതിന് ഗവണ്മെന്റിന് വീഴ്ചയുണ്ടായിട്ടുണ്ട് എന്നുള്ള കാര്യം ഈ സന്ദർഭത്തിൽ ഞാൻ ഓർമ്മിപ്പിക്കുകയാണ്. ദേശീയപാത 47 ന്റെ

LIBRARY ARCHIVES Kerala Legislative Assembly